IGR/3285/2020-IT1

I/269361/2024

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ കാര്യാലയം
വഞ്ചിയൂർ, തിരുവനന്തപുരം,
regig.ker@nic.in
www.registration.kerala.gov.in
ഫോൺ : 0471-2703456
ഫാക്സ് : 0471-2462608
തീയതി : 07-03-2024

## സർക്കുലർ

വിഷയം:- രജിസ്ട്രേഷൻ വകുപ്പ് - ഭൂമിയില്ലാതെ കെട്ടിടം മാത്രം കൈമാറ്റം ചെയ്യുന്നതിനുള്ള കോഡ് അനുവദിച്ച്- അറിയിപ്പ് സംബന്ധിച്ച്

സൂചന :- ഇല്ല

ഭൂമിയില്ലാതെ കെട്ടിടമോ ഫ്ളാറ്റുകളോ മാത്രം കൈമാറ്റം ചെയ്തു കൊണ്ടുള്ള ഇടപാടുകൾ നടത്തുന്ന വേളയിൽ ഭൂമിയുടെ വില എന്റർ ചെയ്യേണ്ട സ്ഥാനത്ത് ' 1 ' രൂപ വില രേഖപ്പെടുത്തിക്കൊണ്ടാണ് നിലവിൽ PEARL മുഖാന്തിരം ആധാരം രജിസ്റ്റർ ചെയ്തു വരുന്നത് . ഈ രീതിയിൽ ഭൂമിയുടെ വില '1' രൂപ രേഖപ്പെടുത്തുന്നതിന് പകരമായി ഭൂമി വില രേഖപ്പെടുത്താതെ കെട്ടിടമോ ഫ്ളാറ്റുകളോ മാത്രം കൈമാറ്റം ചെയ്യുന്നതിനുള്ള ക്രമീകരണം PEARL- ൽ ഏർപ്പെടുത്തണമെന്ന് പൊതു ജനങ്ങളിൽ നിന്നും ആവശ്യം ഉയർന്നിരുന്നു . ഈ ആവശ്യം പരിഗണിച്ച് കൊണ്ട് ഭൂമിയില്ലാതെ കെട്ടിടം മാത്രം വിൽപ്പന നടത്തുന്ന ഇടപാടുകളുടെ രജിസ്ട്രേഷൻ നടത്തുന്നതിലേക്കായി 0726- വിലയാധാരം (കെട്ടിടം മാത്രം) എന്ന കോഡ് ഉപയോഗിച്ച് ആധാരം രജിസ്റ്റർ ചെയ്യാവുന്നതാണ് . ഇത്തരം ഇടപാടുകളിൽ കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയുടെ സർവ്വെ വിവരങ്ങളും നൽകാവുന്നതാണ് .

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ

പകർപ്പ്: എല്ലാ സബ് രജിസ്ട്രാർമാർക്കും